# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1781** 04.10.2011-ൽ മറുപടിക്ക്.

## റെയിൽവേ വികസനം - തീരുമാനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | റെയിൽവേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിനായി കേന്ദ്ര റയിൽവേ മന്ത്രി, റെയിൽവേ ബോർഡ് അംഗങ്ങൾ എന്നിവർ ഈയിടെ സംസ്ഥാനം സന്ദർശിക്കുകയുണ്ടായോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്നായിരുന്നു സന്ദർശനം; തുടർന്നുണ്ടായ ചർച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ; | **(ബി) & (സി)** | 19.09.2011 നായിരുന്നു കേന്ദ്ര സംഘത്തിന്റെ സന്ദർശനം. പാലക്കാട് റയിൽ കോച്ച് ഫാക്ടറിയുടെ തറക്കല്ലിടീൽ ചടങ്ങ് 22/10/2011 ന് നടത്താമെന്നും ചേർത്തല വാഗൺ ഫാക്ടറിയുടെ തീരുമാനം ഉടനെടുക്കുമെന്നും തിരുവനന്തപുരത്ത് ഒരു സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തുടങ്ങുമെന്നും, തിരുവനന്തപുരം - കന്യാകുമാരി വൈദ്യുതീകരണം 2011 ഡിസംബർ 31 ഓട് കൂടി പൂർത്തിയാക്കുമെന്നും നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് 23-10-2011- ന് ഉത്ഘാടനം ചെയ്യുമെന്നും 2011 ഒക്ടോബർ അവസാനത്തോടെ മംഗലാപുരം - പാലക്കാട് പ്രതിദിന ഇന്റർസിറ്റി ട്രെയിൻ ഓടി തുടങ്ങുമെന്നും, കന്യാകുമാരി ഡിബ്രൂഗർഗ് എക്സ്പ്രസ് ട്രെയിനും തയ്യാറാണെന്നും, തിരക്കുള്ള സമയത്ത് സ്ത്രീകൾക്കുള്ള ട്രെയിനുകൾ ലഭ്യമാക്കുമെന്നും തീവണ്ടികളിൽ യാത്രക്കാർക്ക് സുരക്ഷ ഉറപ്പാക്കുന്നതിൽ മുൻഗണന നൽകുമെന്നും, തലശ്ശേരി - മൈസൂർ റയിൽവേ ലൈനിന് ഏത് മാതൃക അവലംബിക്കണമെന്ന തീരുമാനം കേന്ദ്ര റയിൽവേ സഹമന്ത്രിയും റയിൽവേ ബോർഡ് ചെയർമാനുമായി ന്യൂഡൽഹിയിൽ വച്ച് ബഹു. കേന്ദ്ര റയിൽ മന്ത്രി |
| (സി) | കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറിക്ക് തറക്കല്ലിടൽ, തിരുവനന്തപുരം - കന്യാകുമാരി പാത, ഷൊർണ്ണൂർ- മംഗലാപുരംപാത എന്നിവയുടെ വൈദ്യുതീകരണം എന്നിവകളിൽ പുതിയ തീരുമാനം കൈക്കൊള്ളുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | |

ചർച്ച ചെയ്തു തീരുമാനിക്കുമെന്നും, ട്രെയിനുകൾക്ക് ഇനിയും സ്റ്റോപ്പുകൾ അനുവദിക്കുന്നതിനെ കുറിച്ച ഒരു സമവായത്തിലെത്തുവാൻ ചർച്ചകൾ നടത്തുമെന്നും അങ്കമാലി - ശബരി റയിൽവേ ലൈനിനുള്ള സ്ഥലമെടുപ്പിന് FTP രീതി അവലംബിക്കുന്നത് സംബന്ധിച്ച് ഉചിതമായ ഒരു തീരുമാനം ബഹു. കേന്ദ്ര റയിൽവേ മന്ത്രി റയിൽവേ ബോർഡ് അംഗങ്ങളുമായി ചർച്ച ചെയ്തു തീരുമാനിക്കുമെന്നും, വർക്കലയിൽ ശിവഗിരിയിലെ തീർത്ഥാടനങ്ങൾക്കായി ട്രെയിനുകൾക്ക് സ്റ്റോപ്പ അനുവദിക്കുമെന്നും, കോട്ടയം റെയിൽവേ സ്റ്റേഷനിൽ തീർത്ഥയാത്രക്കാർക്കുള്ള ഷെൽട്ടർ നിർമ്മിക്കുമെന്നും, PPP മാതൃകയിൽ റയിൽവേ സ്റ്റേഷനുകൾ വേൾഡ് ക്ലാസ്സായി ഉയർത്താവുന്നതാണെന്നും, അധികമായി കോച്ചുകളും ട്രെയിനുകൾക്ക് സ്റ്റോപ്പുകളും അനുവദിക്കുന്ന കാര്യം പരിഗണിക്കുമെന്നും സ്റ്റേഷനുകളുടെ നിലവാരം ഉയർത്തൽ യാത്രക്കാർക്കായി സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവ ചെയ്യുവാൻ ലഭ്യമായ ഫണ്ടിന്റെ പരിമിതിക്കുള്ളിൽ നിന്നും റയിൽവേ തീർച്ചയായും ശ്രമിക്കുമെന്നും മാവേലിക്കര - ചെങ്ങന്നൂർ റയിൽപ്പാതയുടെ ഇരട്ടിപ്പിക്കൽ 31.3.2012 ന് പൂർത്തിയാക്കുമെന്നും, കായംകുളം - ഹരിപ്പാട് റയിൽപ്പാത ഇരട്ടിപ്പിച്ച് 2011 ഒക്ടോബർ മാസത്തിൽ കമ്മീഷൻ ചെയ്യുമെന്നും, 2012 ജനുവരി മാസം ഹരിപ്പാട് - അമ്പലപ്പുഴ പാത ഇരട്ടിപ്പിക്കൽ പണി തുടങ്ങുമെന്നും, മംഗലാപുരം- ഷൊർണൂർ പാത ഇരട്ടിപ്പിക്കൽ 2012 ജനുവരിയോടെ പൂർത്തിയാക്കുമെന്നും, ഷൊർണൂർ കണ്ണൂർ റയിൽപാതയുടെ വൈദ്യുതീകരണം 2013 മാർച്ച് മാസം പൂർത്തിയാക്കുമെന്നും, കണ്ണൂർ - മംഗലാപുരം റയിൽപാതയുടെ വൈദ്യുതീകരണം 2014 മാർച്ച് മാസം പൂർത്തിയാക്കുമെന്നും, തിരുവനന്തപുരം - കന്യാകുമാരി റയിൽപാതയുടെ വൈദ്യുതീകരണം 2011 ഡിസംബർ 31 ഓടു കൂടി പൂർത്തിയാക്കുമെന്നും, 2014 അവസാനത്തോടു കൂടിയോ 2015 ആദ്യമോ പുനലൂർ- ചെങ്കോട്ട റയിൽ പാതയുടെ ഗേജ് മാറ്റം പൂർത്തിയാക്കുമെന്നും, പൊള്ളാച്ചി - പാലക്കാട് റയിൽ പാതയുടെ ഗേജ്

| | | | |
|---|---|---|---|
| | | | മാറ്റം 31.3.2012 ന് പൂർത്തിയാക്കുമെന്നും, ഈ വർഷം പ്രഖ്യാപിക്കപ്പെട്ട റയിൽപ്പാതകളുടെ സർവ്വേ അടുത്ത കൊല്ലം പൂർത്തിയാക്കുമെന്നും അങ്കമാലി - കാലടി റയിൽ പാതയുടെ പണി 30.6.2012 ഓടെ പൂർത്തിയാക്കുമെന്നും, റയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എല്ലാ ട്രെയിനുകളും ആരംഭിക്കുന്നതിന് എല്ലാ നടപടിയും എടുക്കുമെന്നും, സംസ്ഥാന സർക്കാർ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് റയിൽവേ റിസർവേഷൻ കൗണ്ടറുകൾ തുടങ്ങുമെന്നും, തിരുവനന്തപുരം സെക്രട്ടേറിയേറ്റിൽ ഒരു റിസർവേഷൻ കൗണ്ടർ സ്ഥലവും ഉദ്യോഗസ്ഥരേയും ലഭ്യമാക്കിയാൽ തുടങ്ങുമെന്നും മറ്റുമാണ് 19.9.2011 ന് കേന്ദ്ര റയിൽവേ മന്ത്രി കേരള മുഖ്യമന്ത്രിയുമായി നടന്ന യോഗത്തിൽ തീരുമാനിച്ചത്. |
| (ഡി) | നിലമ്പൂർ- തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് എന്നു മുതൽ ഓടിത്തുടങ്ങും; | (ഡി) | നിലമ്പൂർ തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ് ട്രെയിന്റെ ഉത്ഘാടനം 23.10.2011 ന് നിർവഹിക്കുമെന്ന് 19.9.2011 ൽ ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി നടന്ന ചർച്ചയിൽ കേന്ദ്ര റെയിൽവേ മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. |
| (ഇ) | കേരളത്തിന് പുതിയ റെയിൽവേ മേഖല എന്ന സംസ്ഥാനത്തിന്റെ വർഷങ്ങളായുള്ള ആവശ്യം യാഥാർത്ഥ്യമാകുമോ; ഇല്ലെങ്കിൽ ഇതിനായുള്ള സമ്മർദ്ദം തുടരുമോ; വിശദാംശം നൽകുമോ? | (ഇ) | 19.9.2011 ൽ ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി നടന്ന ചർച്ചയിൽ ഒരു പ്രത്യേക റെയിൽവേ സോൺ എന്ന ആവശ്യം റെയിൽവേ പരിശോധിച്ചു വരുന്നതായി ബഹു. കേന്ദ്ര റയിൽ മന്ത്രി പറയുകയും തിരുവനന്തപുരത്ത് ആസ്ഥാനമായി ചീഫ് അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ മേൽ നോട്ടത്തിൽ ഒരു ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തുടങ്ങുന്നതായും പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.